(ബി) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകൾ ഉൾപ്പെടുത്തിയാണ് കെ. എ. പി. 3-ാം ബറ്റാലിയനിൽ നിയമനം നൽകുന്നത്. പ്രസ്തുത ജില്ലകളിൽ ഒഴിവുകൾ നിലവിലില്ല. ലിസ്റ്റിന്റെ കാലാവധി 14-7-2005-ൽ അവസാനിക്കുന്നതാണ്.

(സി) കെ. എ. പി. 3-ാം ബറ്റാലിയനിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി. എസ്. സി.യെ അറിയിക്കുകയും അതനുസരിച്ച് നിയമനം നൽകുകയും ചെയ്തുവരുന്നുണ്ട്.

സി. ആർ. ഇസഡ്. നിയമഭേദഗതിക്ക് നടപടി

55 [1570] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിരുന്ന സി. ആർ. ഇസഡ്. നിയമത്തെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(ബി) സി. ആർ. ഇസഡ്. നിയമം ഭേദഗതി ചെയ്യുവാൻ സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായവും സർക്കാർ കൈക്കൊണ്ട നടപടിയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്.

(സി) സി. ആർ. ഇസഡ്. നിയമം ഭേദഗതി ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി 14-7-2003-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നൽകിയ നിവേദനം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA) യുടെ പരിഗണനയ്ക്കായി അയച്ചു തന്നിരുന്നു. കേരള സംസ്ഥാനത്തിലെ കടലോര മേഖലയിലെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൂടുതൽ നിയന്ത്രണമുള്ള സി. ആർ. ഇസഡ്. III വിഭാഗത്തിൽ പെടുത്തിയതിൽ ഭേദഗതികൾ വരുത്താനും നിയന്ത്രണങ്ങൾ കുറവുള്ള സി. ആർ. ഇസഡ്. II വിഭാഗത്തിൽ ഉൾപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ നഗരങ്ങളും ഗ്രാമങ്ങളും ഒരു പോലെ ജനനിബിഡമാകയാലും തീരദേശ പരിപാലന നിയമം മൂലമുള്ള നിയന്ത്രണം ഗ്രാമപഞ്ചായത്ത് മേഖലയിലെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതിനാലും സി. ആർ. ഇസഡ്. മേഖല സംബന്ധിച്ച മേൽപ്പറഞ്ഞ വ്യത്യാസം ഇല്ലാതെയാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേരള കോസ്റ്റൽ സോൺ മാനേജ്മെൻറ് അതോറിറ്റി പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ശുപാർശ ചെയ്തിട്ടുണ്ട്. കേരളത്തിൽ ഏതാണ്ട് 700-ഓളം ചെറിയ ദ്വീപുകൾ സി. ആർ. ഇസഡ്. III വിഭാഗത്തിൽ ആണ്

LIBRARY ARCHIVES Kerala Legislative Assembly

പെടുത്തിയിരിക്കുന്നത്. അതിന്റെ സ്ഥിതി പുനരവലോകനം ചെയ്യാനും അർഹമായ ദ്വീപുകളെ സി. ആർ. ഇസഡ്. IV വിഭാഗത്തിൽ ഉൾപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശ നിയന്ത്രണ പരിധിയിൽ അധിവസിക്കുന്ന ജനങ്ങളെ മറ്റുസ്ഥലങ്ങളിലേക്ക് മാറ്റി താമസിപ്പിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാനും തീരദേശ പരിപാലനചട്ടം കാര്യക്ഷമമായി നടപ്പിൽ വരുത്താനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരള ശാസ്ത്ര സാങ്കേതിക വകുപ്പ് അവാർഡുകൾ

56 [1571] ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രഖ്യാപിച്ച നൂതന സാങ്കേതിക വിദ്യയുടെ കണ്ടെത്തലിനുള്ള അവാർഡുകൾ സംബന്ധിച്ച പേപ്പർ പ്രസന്റേഷൻ നടത്തിയിരുന്നുവോ; ഉണ്ടെങ്കിൽ എന്നാണ്;

(ബി) ഇതു സംബന്ധിച്ച് അവാർഡുകൾ നിശ്ചയിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം;

(സി) കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമായിരുന്നു; കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) കമ്മിറ്റി ഉയർന്ന ഗ്രേഡ് നല്കിയ കണ്ടുപിടിത്തത്തിന് അവാർഡ് നല്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതേക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി), (സി), (ഡി), (ഇ) & (എഫ്) ബാധകമല്ല

സ്വാതന്ത്ര്യ സൈനിക സമ്മാൻ പെൻഷൻ കൈപ്പറ്റുന്നവർ

57 [1572] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാതന്ത്ര്യ സൈനിക സമ്മാൻ പെൻഷൻ കൈപ്പറ്റുന്ന എത്ര സ്വാതന്ത്ര്യ സമരസേനാനികൾ ഉണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly